(ബി) പ്രസ്തുത സംഖ്യ വിതരണം ചെയ്യാനുള്ള നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സംഭവത്തോടനുബന്ധിച്ച് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെയോ ട്രെയിഡ് യൂണിയൻ സംഘടനയുടേയോ ഓഫീസുകൾക്ക് നഷ്ട പരിഹാരം നൽകിയിട്ടുണ്ടോ? എങ്കിൽ എത്ര രൂപ വീതം;

(ഡി) സമാന സ്വഭാവമുള്ള ആക്രമണം നടന്ന തളിപ്പറമ്പിലെ രാഷ്ട്രീയ സംഘട്ടനത്തിൽ നഷ്ടം സംഭവിച്ച വ്യാപാരികൾക്കും വ്യക്തികൾക്കും നഷ്ടപരിഹാരം നൽകാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ)-(ഡി) പാനൂരിലും പരിസര പ്രദേശങ്ങളിലും ഉണ്ടായ അനിഷ്ട സംഭവങ്ങളിൽ വീടുകളും കടകളും മറ്റു സ്വത്തുക്കളും നഷ്ടപ്പെട്ടവർക്ക് ധന സഹായം നൽകണമെന്ന് സർവ്വകക്ഷി സമാധാന യോഗം അഭ്യർത്ഥിച്ചിരുന്നു. അതനുസരിച്ച് കഷ്ട നഷ്ടങ്ങളുണ്ടായവർക്ക് ധനസഹായം നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ സമർപ്പിക്കുന്ന റിപ്പോർട്ട് അനുസരിച്ചാണ് സഹായം അനുവദിക്കുക. എന്നാൽ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും മറ്റും ലഭിച്ച തുക സഹായധനത്തിനുള്ള നിർദ്ദേശത്തിൽനിന്നും കുറവുചെയ്യാൻ തീരുമാനിച്ചതനുസരിച്ച് പരിശോധന നടത്തിവരികയാണ്. ഇപ്പോൾ ആർക്കും തുക നൽകിയിട്ടില്ല.

തൃശ്ശൂർ പട്ടണത്തിൽ ട്രാഫിക് പരിഷ്കാരങ്ങൾ

88(1571) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ പട്ടണത്തിൽ ട്രാഫിക് രംഗത്ത് എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് ഇപ്പോൾ നടപ്പിലാക്കുന്നത്;

(ബി) തൃശ്ശൂർ ട്രാഫിക് സംവിധാനം മെച്ചപ്പെടുത്തുവാൻ ട്രാഫിക് അഡ്വൈസറി കമ്മിറ്റി എന്തൊക്കെ നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത്;

(സി) സ്വകാര്യ വാഹനങ്ങൾക്ക് പാർക്കിംഗ് ഫീസ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) തൃശ്ശൂർ പട്ടണത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ട്രാഫിക് ചുമതല നിർവ്വഹിക്കുവാനും കാര്യക്ഷമമാക്കുവാനും വേണ്ടി ഒരു യൂണിറ്റ് സി.ഐ.യുടെ നേതൃത്വത്തിൽ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ സ്വരാജ് റൗണ്ടിൽ സബ്വേ നിർമ്മാണം ധൃതഗതിയിൽ നടന്നു വരുന്നുണ്ട്. റിംഗ്റോഡ് ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. പാലക്കാട് ഭാഗത്തുനിന്നും വരുന്ന ബസുകൾ മുനിസിപ്പൽ സ്റ്റാന്റു വഴി തെക്കേ സ്റ്റാന്റിലേയ്ക്കും മാന്നാമംഗലം ഭാഗത്തുനിന്നും വരുന്ന ബസുകൾ അരമന വഴി വടക്കേ സ്റ്റാന്റിലേയ്ക്കും തിരിച്ചുവിട്ട് സബ്വേ നിർമ്മാണത്തിന് തടസ്സം ഉണ്ടാകാത്ത രീതിയിൽ ട്രാഫിക് സംവിധാനത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വരാജ് റൗണ്ടിൽ വിവിധതരം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും ടി റൗണ്ടിലെ റോഡിൽ മാർക്ക് ചെയ്ത് തിരിക്കുന്നതിനും കൂടാതെ റോഡുകളിൽ സീബ്രാലൈൻ മാർക്ക് ചെയ്യുന്നതിനും ആട്ടോറിക്ഷകളിൽ 'ഫോർ ഹയർ' ബോർഡ് സ്ഥാപിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) സ്വകാര്യ വാഹനങ്ങൾക്ക് പാർക്കിംഗ് ഫീസ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടില്ല.

(ഡി) തൃശ്ശൂർ പട്ടണത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) സംസ്ഥാനത്ത് ട്രാഫിക് സംവിധാനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി 3 സീറ്റുകളിലേയും ട്രാഫിക് സ്റ്റേഷന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുവാനും കൂടാതെ എല്ലാ ജില്ലകളിലും ട്രാഫിക് പോലീസ്സ്റ്റേഷൻ ആരംഭിക്കുന്നതിനും, ഇതിലേയ്ക്കാവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

ജനകീയ പോലീസ് സമ്പ്രദായത്തെക്കുറിച്ച് ചർച്ചകൾ

89 (1573) ശ്രീ. എ.സി. ഷൺമുഖദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ പോലീസ് എന്ന സമ്പ്രദായം സംബന്ധിച്ച് ഡിപ്പാർട്ടുമെന്റിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ലഭിച്ചിട്ടുണ്ടെങ്കിൽ എന്നാണ് ലഭിച്ചത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് ഭരണ വകുപ്പിന്റെ നിർദ്ദേശങ്ങൾ ഏതെല്ലാം തലത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഇനി ഏതെല്ലാം തലത്തിൽ ചർച്ചകൾ നടത്തുവാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് ധനകാര്യം, നിയമം തുടങ്ങിയ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞുവോ; എങ്കിൽ എന്താണ് ആരാഞ്ഞത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. പോലീസ് ഡയറക്ടർ ജനറലിന്റെ 19.1.2000 ലെ കത്തിലാണ് ഇതു സംബന്ധിച്ച് നിർദ്ദേശം ലഭിച്ചത്.

(ബി) പോലീസ് വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥരുടെ സമ്മേളനത്തിൽ വച്ച് സർക്കാർ തലത്തിൽ ചർച്ച നടത്തിയിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ പൊതുവായ അഭിപ്രായം സമാഹരിച്ച് പദ്ധതിയുടെ ഒരു കരട് രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) ധനകാര്യം, നിയമം തുടങ്ങിയ ബന്ധപ്പെട്ട എല്ലാവകുപ്പുകളുമായി ചർച്ച നടത്തുവാൻ നടപടി സ്വീകരിച്ചുവരികയാണ്. ഇത്തരം ചർച്ചകൾക്കുശേഷം മാത്രമേ പദ്ധതിക്ക് അന്തിമരൂപം നൽകുകയുള്ളൂ.

പോലീസ് സ്റ്റേഷനുകളിൽ ലഭിച്ച പരാതികളുടെ എണ്ണം

90 (1574) ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly